# മായാ ദുഃഖ

ഭൗതിക വീക്ഷണത്തിൽ മാനുഷിക മൂല്യങ്ങൾ അപ്രസക്തങ്ങളായപ്പോൾ മനുഷ്യന്റെ സംവേദനശക്തി മരിച്ചു. ആത്മാവു നഷ്ടപ്പെട്ട മനുഷ്യന് ഭൗതികവാദം സൃഷ്ടിച്ച നരകത്തിൽ സങ്കല്പത്തിന്റെ സാന്ത്വനങ്ങളോ, മുക്തിയുടെ പ്രതീക്ഷകളോ ഇല്ല.

ഡോ: കെ. ഭാസ്കരൻനായർ

എന്റെ കുട്ടിക്കാലത്ത് ഞങ്ങളുടെ അയൽപക്കത്ത് ജീവിച്ചിരുന്ന കുറിയ ഒരു കറുമ്പൻ എന്ന മനുഷ്യന്റെ ചിത്രം മനസ്സിൽ ഇപ്പോഴും തിളങ്ങിനിൽക്കുന്നു. ഞാൻ ആദ്യം കാണുമ്പോൾതന്നെ വൃദ്ധനായിരുന്നു. നൂറുവയസ്സെങ്കിലും ആയിക്കാണുമെന്നാണ് എല്ലാവരും പറഞ്ഞത്. ആ പ്രദേശത്തുള്ളവരിൽ ഏറ്റവും പ്രായംകൂടിയ ആളാണ് കറുമ്പനെന്ന് ആബാലവൃദ്ധം ജനങ്ങളും അംഗീകരിച്ചിരുന്നു. എത്ര വയസ്സായെന്ന് നേരിട്ടു ചോദിച്ചാലോ 'എന്നു' ഞാൻ പല പ്രാവശ്യവും ആലോചിക്കുകയുണ്ടായി. പക്ഷേ, അതുകൊണ്ട് ഒരു പ്രയോജനവുമില്ലെന്ന് കറുമ്പന്റെ മക്കൾതന്നെ എന്നെ ധരിപ്പിച്ചു. മരംവെട്ടിയും പാറപൊട്ടിച്ചും ഉപജീവനം കഴിച്ചിരുന്ന അവർ [illegible]യും എനിക്ക് നല്ല പരിചയമായിരുന്നു. "ഞങ്ങൾക്ക് ഞങ്ങളുടെ വയസ്സുപോലും നിശ്ചയമില്ല. പിന്നെ അപ്പന്റെ കാര്യം ചോദിക്കാനുണ്ടോ?" എന്നാണ് മൂത്ത മകനായ കറുത്തകുഞ്ഞ് പറഞ്ഞത്. അവരുടെ അനുജന്മാരായ കൃഷ്ണൻ, [illegible], പപ്പു എന്നിവരുടെ സ്ഥിതിയും അതുതന്നെ ആയിരുന്നു. പക്ഷേ, മദ്യപാനശീലരായ ഈ മക്കൾക്കാർക്കും ആരോഗ്യമുണ്ടെന്ന് എനിക്കു തോന്നിയിട്ടില്ല. അവരുടെ പല്ലും മുടിയുമെല്ലാം കൊഴിഞ്ഞുപോയിരുന്നു. എന്നാൽ കറുമ്പന് അങ്ങനെയുള്ള കേട്ടുപാടുകളൊന്നും ഉണ്ടായിരുന്നില്ല. തലമുടിക്ക് നരയുണ്ട്. അത് അൽപ്പം കറുപ്പുള്ള കുറിയ നരച്ചതാണെന്നും പറഞ്ഞുകൂടാ. പല്ലിനും കേടില്ല. ദിവസം രണ്ടു നേരം കുളി. വെറ്റിലയും പാക്കും തിന്നും. ഇരിപ്പുകൊണ്ടൊക്കെയിരുന്നില്ല. ഒരു പ്രയാസവുംകൂടാതെ കഴിച്ചു പോയ്യും. അകലെ എഴുപ്പും ഒരു വഴിയുണ്ടാവും. പക്ഷേ, അതു ഉണ്ടായില്ല നടന്നിരുന്നു. കരിക്കാൻ വരുന്ന നാട്ടുകാരുടെ കരിക്കാ അയ്യപ്പയായി മാത്രമേ കണ്ടിരുന്നുള്ളൂ. ഇടവഴിയിൽ നിൽക്കുന്ന പച്ചക്കറിപോകുന്നവരും. അതു സാക്ഷി യും. ചില വൃദ്ധന്മാരെപ്പോലെ കണ്ണിൽ കണ്ടവരോടെല്ലാം സംസാരിക്കുന്ന പ്രകൃതക്കാരൻ അല്ലായിരുന്നതുകൊണ്ട് എനിക്കും കൂട്ടുകാർക്കും കറുമ്പനോട് അടുക്കുവാൻ ശങ്കയായിരുന്നു. നൂറുവർഷം മുമ്പുള്ള കഥകൾ കേൾക്കുവാൻ ഞങ്ങൾക്ക് അത്യധികമായ കൗതുകം തോന്നിയെങ്കിലും അതൊന്നും കറുമ്പനിൽനിന്ന് കിട്ടുകയില്ലെന്നറിഞ്ഞു നിരാശപ്പെട്ടിരുന്നു.

## കറുമ്പന്റെ ഉപനിഷദ്ദർശനം

ഈ മനുഷ്യൻ പിന്നെയും പത്തു വർഷത്തോളം ആരോഗ്യത്തോടെ ജീവിച്ചിരുന്ന ശേഷമാണ് കാലഗതിയെ പ്രാപിച്ചത്. അതിനുമുമ്പുതന്നെ ഒന്ന് രണ്ട് മക്കൾ മരിച്ചു എന്നതാണ് രസം. അവരുടേതായ രോഗവും കഷ്ടപ്പാടുകളും ഒന്നും കറുമ്പൻ അറിഞ്ഞില്ല. "ഒരു ദിവസം പത്തുനാഴിക പുലർന്നപ്പോൾ, 'കിട്ടാ എനിക്കു വല്ലാതെ വരുന്നു' എന്നു പറഞ്ഞു തിണ്ണയിൽതന്നെ, വെറും നിലത്തു കിടന്നു. ജീവനും പോയി" എന്നാണ് കൂടെ താമസിച്ചിരുന്ന മകൻ പറഞ്ഞത്. ഈ കിട്ടൻ എന്ന ബന്ധു വിദ്യാഭ്യാസമൊന്നും ലഭിക്കാത്ത കൂലിവേലക്കാരനായിരുന്നെങ്കിലും നല്ല വാക്ചാതുര്യമുള്ള തത്ത്വജ്ഞാനിയെപ്പോലെയാണ് പെരുമാറിയത്. കറുമ്പൻ മരിച്ച് എത്രയോ വർഷങ്ങൾക്കുശേഷം ഒരിക്കൽ നാട്ടിൽ ചെന്നപ്പോൾ ഞാൻ അയാളെ കാണുവാനിടയായി. അന്ന് എഴുപതു വയസ്സു കഴിഞ്ഞിരുന്നു. ഞങ്ങൾ തമ്മിൽ വളരെനേരം സംസാരിച്ചു. സ്വന്തം ആരോഗ്യത്തെപ്പറ്റിയും നാട്ടിലെ സ്ഥിതിഗതികളെപ്പറ്റിയും ലോകത്തിനു വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെപ്പറ്റിയും ഞാൻ കിട്ടനോടു ചോദിച്ചു. അയാളുടെ മറുപടികളെല്ലാം "കറുമ്പനമ്മാവൻ പറഞ്ഞതുപോലെ" എന്ന മുഖവുരയോടുകൂടിയാണ് ആരംഭിച്ചത്. ഇത് കേട്ടപ്പോൾ ഞാൻ പറഞ്ഞു:

"കറുമ്പനെ ഞാനും കുട്ടിക്കാലത്തു കണ്ടിട്ടുണ്ട്. എത്ര വയസ്സായെന്നു ചോദിക്കുവാൻ പലതവണ തുനിഞ്ഞതാണ്. പക്ഷേ, തിരിഞ്ഞുനില്ലാതെ നടന്നുകളഞ്ഞതുകൊണ്ട് ചോദിച്ചില്ല. കിട്ടൻ ചോദിച്ചിട്ടുണ്ടോ?"

കിട്ടന്റെ മറുപടി: "കഷ്ടം! അത് ഇനി നാളെയും പറഞ്ഞാൽ തീരാത്ത കഥയാണ്. ഞാൻ അദ്ദേഹത്തോടു കൂടെ ഇരുപതു വർഷം ഒരു പുരയിൽ താമസിച്ചു. അതിനിടയ്ക്ക് എത്ര പ്രാവശ്യം ഈ ചോദ്യം ചോദിച്ചിട്ടുണ്ടെന്ന് ദൈവത്തിനു മാത്രമേ അറിയാവൂ. അപ്പോഴെല്ലാം കൈകളുയർത്തിക്കാണിക്കുകയല്ലാതെ ഒരക്ഷരം ഉരിയാടിയിട്ടില്ല. എന്നെക്കാൾ എത്രയോ പ്രായമുള്ളവരുമായുള്ള പലരോടും ഇതേപ്പറ്റി ഞാൻ അന്വേഷിച്ചിട്ടുണ്ട്. അവർക്കും നിശ്ചയമില്ല. അവർ കണ്ട കാലം മുതൽക്ക് ഇങ്ങനെതന്നെയാണ് ഇരിക്കുന്നത് എന്നായിരുന്നു ഉത്തരം. എന്നിട്ടും ഞാൻ വിട്ടില്ല. അങ്ങനെയൊക്കെ പ്രായമുണ്ടെന്ന് പലരും വിശ്വസിച്ചിരുന്ന പുരാവൃത്തങ്ങളൊക്കെ ഒരിക്കൽ കേട്ടപ്പോൾ ആശ്ചര്യവും പറഞ്ഞ് ഞാൻ അടുത്തുകൂടി. കണ്ടുനാളിൽ അവരെ കണ്ടിട്ടുണ്ടോ എന്നും, അവരുടെ കെട്ടിയവൻ ആ നാട്ടുകാരൻതന്നെ ആയിരുന്നുവോ എന്നും, ഏതു വീട്ടുകാരെ ആശ്രയിച്ചാണ് അവർ ജീവിച്ചതെന്നും മറ്റും ചോദിച്ചു. പുരാണങ്ങളുടെ മനോ വാർത്തയും എന്റെ ചോദ്യങ്ങളും, ആ കള്ളക്കർക്കടകമാസത്തിലെ കാറ്റും പിശറും ഇടിപ്പും തണുപ്പും എല്ലാംകൂടി ഒപ്പിനിന്നെ ചിന്താമഗ്നനാക്കി. നേരം വെളുക്കുന്നതിനുമുമ്പുതന്നെ ഇമ്പി കൈവെള്ളയിൽ ഇരുവിരാതെ ചെയ്തുകൊടുക്ക അപ്പുറമാണ് ഒന്നു ഇരുട്ടിയിറങ്ങിയത്. പക്ഷേ, പിന്നെയും പുറ്റിനുള്ളിൽ ആ പാമ്പിനെ പരിഞ്ഞാറ്റുവഴയ്ക്കുനിന്ന് തക്കാറു കതിച്ചുകയറുന്നതുനോക്കി അല്പനേരം മിണ്ടാതിരുന്നതിനുശേഷം കറുമ്പനമ്മാവൻ ഇങ്ങനെ പറഞ്ഞു: 'എടാ, എ



Dated 6.1.80. Recd. 31.12.79

Digitized by Kerala Sahitya Akademi

യും കാലുവച്ച മൈതാനം ഇപ്പോഴിതാ ശൂന്യതയിൽ സുഖമായുറങ്ങുന്നു. മൈതാനത്തിനു കുറുകെ കണ്ണപ്പു നടന്നു. പൊട്ടിപ്പൊളിഞ്ഞിട്ടിരിക്കും ഒട്ടുപത്തു പെട്ടിപ്പുറകം അവശേഷിച്ചു. അവയിൽ വല്ല! പൊട്ടിയ തണ്ണെലുള്ളവ ഉണ്ടായിരുന്നുള്ളൂ. ബാക്കിയുള്ളതിനു പകരവും പുതിയതു്. പൂഴിമണ്ണിൽ ചില്ലുതകർന്നുപോയ ഒരു കണ്ണടയും, തൊപ്പിയില്ലാത്ത ഒരു പേനയും അവനെ കാത്തുകിടക്കുന്നുണ്ടായിരുന്നു.



പിന്നെയും ചില്ലറ പൊട്ടപ്പൊളിഞ്ഞ സാധനങ്ങളും അവനു കിട്ടി. സന്തോഷം കണ്ണപ്പുവിന്റെ ഉള്ളിൽ നിറഞ്ഞു പൊന്തി. ഇന്നലെ ഈ സംഭവങ്ങളൊക്കെ നടന്നില്ലായിരുന്നെങ്കിൽ തനിക്കിതു വല്ലതും ലഭിക്കുമായിരുന്നോ?

കണ്ണപ്പു നടന്നു. ലോറിയിൽ ചെറിയ പെട്ടികൾ അടുക്കിവയ്ക്കുന്ന തിരക്കിലാണ് പോലീസുകാർ. രംഗം കുറച്ചു നേരം അവൻ നോക്കിനിന്നു. പോലീസുകാർ ഒന്നും പറഞ്ഞില്ല. സ്കൂൾക്കെട്ടിടത്തിനകത്തുനിന്നാണ് പെട്ടികൾ കൊണ്ടുവരുന്നത്. എന്തു പെട്ടികളാണവ?

ഒരു പച്ച സൈക്കിളിൽ പാന്റ്സും ബനിയനുമിട്ട ഒരു കുട്ടി ലോറിക്കരികിൽ ബ്രേക്കിട്ട് കാൽ കുത്തിനിന്ന് പെട്ടികൾ അടുക്കുന്നതു വീക്ഷിച്ചു. കണ്ണപ്പുവിന്റെ പ്രായമേ അവനുണ്ടായിരുന്നുള്ളൂ. അവന്റെ സൈക്കിളിന്റെ പുറകിലുള്ള പ്ലാസ്റ്റിക് ബാഗിൽ ഇറച്ചിപ്പൊതി. അവൻ ഇട്ടിരിക്കുന്ന ബനിയന്റെ മുൻവശത്ത് മുഷ്ടിയുദ്ധത്തിനു തയ്യാറായി നിൽക്കുന്ന ഒരുവന്റെ ചിത്രം. കണ്ണപ്പു ധൈര്യപൂർവ്വം ആ കുട്ടിയോടൊരു സംശയം ചോദിച്ചു:

“അതെന്ത് പെട്ടികളാണ്?”

കൊഞ്ചലാർന്ന ഇമ്പമുള്ള ശബ്ദത്തിലാണ് ആ കുട്ടി മറുപടി പറഞ്ഞത്:

“That is ballot box.”

ഇത്രയും പറഞ്ഞശേഷം അവൻ അപ്പോഴെ കണ്ണപ്പുവിനെ ഒന്നു നോക്കി. നെറ്റിയിൽ വീണുകിടന്നിരുന്ന നീളൻ മുടി പുറകിലേക്ക് തട്ടിയൊതുക്കി സൈക്കിളിൽ ചാടിക്കയറി മൈതാനത്തിലൂടെ അവൻ ഓടിച്ചുപോയി.

അവൻ പറഞ്ഞത് കണ്ണപ്പുവിനു മനസ്സിലായില്ല. ആ പെട്ടികളൊക്കെ എന്തു ലോഹംകൊണ്ടുണ്ടാക്കിയവയാണ് എന്നു മാത്രമേ കണ്ണപ്പുവിനറിയേണ്ടൂ. അക്കാര്യമാണ് ആ കുട്ടിയോടവൻ ചോദിച്ചത്. അതിനു കിട്ടിയ മറുപടിയോ മനസ്സിലാകാത്ത ഭാഷയിലും.

കണ്ണപ്പു നടന്നു. സൂര്യവെളിച്ചം അവന്റെ മുഖത്തടിക്കുന്നുണ്ടായിരുന്നു. എന്നിട്ടും കൈപ്പടം കൊണ്ടവൻ വെളിച്ചത്തെ മറച്ചില്ല.

ഇളംകാറ്റു വീശുന്നു. ചുറ്റും വിജനം. ഒരു നറുമണം എവിടെനിന്നോ വരുന്നുണ്ട്. ഇളംകാറ്റിൽ നറുമണം ശ്വസിച്ച് വിജനതയിലൂടെ കണ്ണപ്പു ഒഴുകി. പഴയതും ഉപയോഗശൂന്യവുമായ വസ്തുക്കൾ ആകാശത്തോളം ഉയരത്തിൽ കുന്നുകൂടി കിടക്കുന്നതായി സങ്കല്പത്തിൽ അവൻ കണ്ടു. ഉന്മാദത്തോടെ ആ കൂമ്പാരത്തിന്മേൽ കയറിയിരുന്നവൻ ഏറ്റുപാടി. കൈകൊണ്ടും കാലുകൊണ്ടും ചുറ്റുമുള്ളതെല്ലാം തട്ടിമറിച്ചിട്ട് എന്തോ തപ്പുകയാണവൻ. എന്താവാം, ഇത്ര ആവേശത്തോടെ അവൻ തപ്പിക്കൊണ്ടിരിക്കുന്നത്? ഒരു പക്ഷേ, ലോറിയിൽ കയറ്റിക്കൊണ്ടുപോന്ന പെരിയ ഇരുമ്പുപെട്ടികളാവുമോ? ഇതുവഴിയായാൽ എന്നെങ്കിലുമൊരു നാടു ഭരിക്കും എന്ന ശാസ്ത്രസത്യം, വിവരവും വിദ്യാഭ്യാസവും വോട്ടവകാശവും ഇല്ലാത്ത കണ്ണപ്പു എന്ന തെരുവിൻപുത്രനും അറിയുമായിരിക്കാം.

Digitized by Kerala Sahitya Akademi

ന്റ്യം ഇവിടെ സ്വർഗത്തിൽ അധിഷ്ഠിതവും വർഗ്ഗവർണ്ണരഹിതവും സകല ജനങ്ങൾക്കും സാമാന്യസുഖങ്ങളെങ്കിലും ഉറപ്പുവരുത്തുന്നതുമായ ഒരു സാമൂഹിക വ്യവസ്ഥിതി ഉണ്ടാകണമെന്ന് ആർക്ക് പറയാം? നേരെ വിപരീതമായ പരിവർത്തനവും ഉണ്ടായിക്കൂടായ്കയില്ല. ആധുനികകാലത്ത് പുരോഗതിക്കെന്നതുപോലെ അധോഗതിക്കും അധികം സമയം വേണ്ട. ഇപ്പോഴത്തന്നെ ഉത്തരേന്ത്യയിലെ ചില സംസ്ഥാനങ്ങളിൽ, നാട്ടിൻപുറങ്ങളിലെങ്കിലും, വ്യവസ്ഥാപിതഭരണം എന്നൊന്ന് ഇല്ലാതായിരിക്കുന്നു എന്ന് അവിടെനിന്നു വരുന്ന ആളുകൾ പറയുന്നു. കൊള്ളയും അഴിമതിയും, തെറ്റും കുററകരവും ആണെന്ന സങ്കല്പംപോലും ഇല്ലാതായിരിക്കുന്നു. ഭൂവുടമകൾ കോടതികൾക്കുനേരെ ഭീഷണി മുഴക്കിത്തുടങ്ങിയിരിക്കുന്നുവത്രെ. ആരെയും ഒന്നിനെയും ഭയപ്പെടേണ്ട എന്ന സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. മററു രാജ്യങ്ങളിൽ ഇങ്ങനെയുള്ള പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ പട്ടാളം ഭരണം പിടിച്ചെടുക്കുകയോ അതല്ലെങ്കിൽ ദേശാഭിമാനികളും ത്യാഗമൂർത്തികളുമായ ആദർശപുരുഷന്മാരുടെ പ്രചോദനത്തിൽ വിപ്ലവമുണ്ടായി സാമൂഹികവ്യവസ്ഥിതി ഉടച്ചുവാർക്കപ്പെടുകയോ ചെയ്യുമെന്നാണ് അനുഭവം. അത്തരക്കാരായ ഈ രക്ഷാമാർഗ്ഗങ്ങളൊന്നും ഇന്ത്യയിൽ ഉണ്ടാകുന്ന ലക്ഷണമില്ല. ഭയാനകമായ അരാജകത്വത്തിലേക്കും കിരാതാവസ്ഥയിലേക്കുമല്ലേ നമ്മുടെ ജനസമൂഹം നീങ്ങിക്കൊണ്ടിരിക്കുന്നതെന്ന ശങ്കിച്ചുപോകുന്നു. പോലീസുകാരനെ പേടിച്ചാണ് സാമൂഹിക മനുഷ്യൻ മര്യാദക്കാരനായി ജീവിക്കുന്നതെന്ന് ലോക മഹർഷികൾ പറയാറുണ്ട്. ഇതു ശരിയാണെങ്കിൽ മര്യാദയുടെയും മനുഷ്യത്വത്തിന്റെയും മനസ്സമാധാനത്തിന്റെയും കാലം കഴിഞ്ഞിരിക്കുന്നു എന്നു പറയണം. എന്തുകൊണ്ടെന്നാൽ, കുറുന്തോട്ടിക്ക് വാതം പിടിച്ചതുപോലെ, ഇന്ത്യയിൽ പോലീസുകാരനും 'സമര'ത്തിനിറങ്ങിയിരിക്കുന്നു! കുറുവടികളോടെല്ല, തോക്കുകളോടെ, സമൂഹത്തോട്— ഡെമോക്രസിയിൽ സർവ്വാധിപതിയായി അവരോധിച്ചിരിക്കുന്ന ജനങ്ങളോടുതന്നെ! ഇന്നിപ്പോൾ പട്ടാളത്തെ ഇറക്കി പോലീസിനെ അമർച്ചചെയ്യുന്നു. നാളെ പട്ടാളത്തിനും ഈ പകർച്ചവ്യാധി ബാധിച്ചെന്നുവരാം. അന്ന് ആരെ വിളിക്കും?

യ സംഘത്തിൽനിന്ന് ഈ രഹസ്യം മനസ്സിലാക്കി. അഴിമതിക്കാരെന്നും വിശാലവീക്ഷണമുള്ളവരെന്നും അഭിമാനിക്കുന്നവർക്ക് രാജ്യം ഒന്നാകെ കീഴ്മേൽ മറിയുന്നതു കണ്ടിട്ടും ഈ സത്യം ഇനിയും ബോധ്യമായിട്ടില്ല. ഇന്ത്യയിലെ ബുദ്ധിജീവികൾക്കും സാഹിത്യകാരന്മാർക്കും മോഹഭംഗം വന്നിരിക്കുന്നതായി ഇയ്യിടെ പലരും പറയാറുണ്ട്. വാലും തലയുമില്ലാത്ത ആധുനികസാഹിത്യം അതിന്റെ ഫലമാണെന്നും പറയുന്നു. ശരിയാണ്. ഈ പുതിയ യുഗത്തിന്റെ ആരംഭം മുതൽക്ക് അവർ പുലർത്തിവന്ന മോഹങ്ങൾക്ക് ഭംഗം സംഭവിച്ചിരിക്കുന്നു. ഇംഗ്ലീഷ് പഠിച്ചും, ഇംഗ്ലീഷിൽ പഠിച്ചും, ഇംഗ്ലണ്ടിൽ പോയി പഠിച്ചും, അക്ഷരവിദ്യയും പുസ്തകജ്ഞാനവും മാത്രം പഠിച്ചും, ഇന്ത്യയെ സ്വതന്ത്രമാക്കാമെന്നും അങ്ങനെയുണ്ടാകുന്ന സൗഭാഗ്യങ്ങൾ അനുഭവിക്കാമെന്നുമാണ് ഇതുവരെ അവർ കരുതിയിരുന്നത്. പക്ഷേ, ഇന്നിതാ ബുദ്ധിജീവികളെന്നോ വിദ്യാഭ്യാസയോഗ്യതകൾ നേടിയവരെന്നോ പറയുവാൻ സാദ്ധ്യമല്ലാത്തവർ ഈ രാജ്യത്തെ പിടിച്ചടക്കിയിരിക്കുന്നു. അവരുടെ സ്വാധീനവും സമ്പത്തും സൗഭാഗ്യങ്ങളും കാണുമ്പോൾ അക്ഷരവിദ്യക്കാർക്ക് മോഹഭംഗം ഉണ്ടാകുന്നതു സ്വാഭാവികമാണ്. ജ്ഞാനവിജ്ഞാനങ്ങളുടെ സംസ്കാരമല്ല തനി വാണിജ്യ സംസ്കാരമാണ് ഇന്ന് ലോകമൊട്ടുക്കു നിലവിൽ വന്നിരിക്കുന്നത്. ഇന്ത്യയും അതിൽ വീണിരിക്കുകയാണ് കള്ളപ്പണക്കാരുടെയും കരിഞ്ചന്തക്കാരുടെയും കള്ളക്കടത്തുകാരുടെയും അവരുമായി ഒത്തുകളി നടത്തുന്ന രാഷ്ട്രീയക്കാരുടെയും സർവ്വാധിപത്യം ഉണ്ടായിരിക്കുന്നു. വിദ്യ ധനമായി രൂപാന്തരപ്പെടുമ്പോൾ, ജീവിതത്തിനില്ലാത്ത ശാശ്വതത്വം ഭൗതിക സമ്പത്തിനുണ്ടെന്ന മിഥ്യാബോധം പകർന്നുപിടിക്കുമ്പോൾ, ഇങ്ങനെ സംഭവിക്കുമെന്നുള്ളതു തീർച്ചയാണ്. ഇന്ന് മോഹഭംഗം അനുഭവിക്കുന്നവരുടെ മുൻഗാമികളിൽനിന്നുതന്നെയാണ് ഈ രാജ്യം ഈ പുതിയ വിജയരഹസ്യവും പഠിച്ചത്. അവരാണ് ഭൗതികവാദത്തെയും ധനമോഹത്തെയും അത്യുത്കൃഷ്ടമായ ധർമ്മാചരണമായി ഉയർത്തിക്കാണിച്ചത്. അത് മററുള്ളവർ പരിപൂർണ്ണമായി അംഗീകരിക്കുകയും ജീവിതലക്ഷ്യമായി സ്വീകരിക്കുകയും ചെയ്തു. ആ വിഷവല്ലരിയാണ് ഇന്ന് ദേശീയ ജീവിതത്തിൽ ആകമാനം പടർന്നുകയറി കായ്ച്ചുപിടിച്ച് കുലച്ചുമറിഞ്ഞുകിടക്കുന്നത്.



ഒരു നൂററാണ്ടുകാലം സ്വപ്നമായി നടന്ന് നാട്ടിൻപുറത്തെ നന്മയുള്ള മണ്ണിന്റെ സ്വർഗസുഖം അനുഭവിച്ചു കററിയിലെ കുമ്പളംപോലും ഈ ജീവിതം വെറുമൊരു സ്വപ്നമായിട്ടാണ് തോന്നിയത്. പുരാതനയുടെ പുഞ്ചിരി മാത്രമേ ആ മനുഷ്യന്റെ സ്മരണയിൽ അവസാനം വരെ നിലനിന്നുള്ളൂ. ഈ ലോകം മായയാണെന്ന് അനുഭവിച്ചറിയുമ്പോൾ അങ്ങനെയല്ലാത്ത അനശ്വരകർമ്മങ്ങൾക്കുവേണ്ടി മനുഷ്യഹൃദയം ദാഹിക്കുന്നത് സ്വാഭാവികമാണ്. ഈ വിഷയത്തിലാണ് ആധുനികഭൗതിക സംസ്കാരം മനുഷ്യരാശിയെ പരിപൂർണ്ണമായി വഞ്ചിച്ചത്. കുമ്പളംപോലെ ജീവിച്ച് മോടിക്കുന്ന മതിയുള്ള സാദ്ധ്യതകളെ, നിലംതൊടാതെ നടക്കുകയും വൈദേശികധർമ്മം പ്രചരിപ്പിക്കുകയും ചെയ്ത ബുദ്ധിജീവികൾ ഏറെയുള്ളതുമായ ഭൗതികവാദത്തിലേക്ക് തള്ളിവിട്ട് ഇന്നിതാ നന്മതിന്മകളുടെ വ്യത്യാസംപോലും അറിയാത്ത തിര്യക്കുകളായി രൂപാന്തരപ്പെട്ടിരിക്കുന്നു. മറുപുറമില്ലാത്ത മായാദുഃഖമാണ് അവർ ഇന്ന് അനുഭവിക്കുന്നത്. അവരുടെ ജീവിതത്തിൽ സങ്കല്പത്തിന്റെ സാന്ത്വനങ്ങളോ ഭക്തിയുടെ പ്രതീക്ഷകളോ ഇല്ല. ഇതല്ലേ നരകം?

## മറുപുറമില്ലാത്ത മായാ ദുഃഖം

മാനുഷികമൂല്യങ്ങളെ വളർത്തുമെന്നു പറയുന്ന പാശ്ചാത്യ വിദ്യാഭ്യാസവും ആധുനികവൽക്കരണവും ജനകീയവ്യവസ്ഥിതിയും സോഷ്യലിസ്റ്റ് ചിന്താഗതിയും വന്നിട്ടും ഈ രാജ്യത്ത് കാട്ടുതീപോലെ പടർന്നുപിടിക്കുന്ന അർത്ഥമോഹവും സ്വാർത്ഥബുദ്ധിയുമാണ് ഈ മഹാവിപത്തിന്റെ മൂലകാരണം. കൊച്ചുകിട്ടൻ പറഞ്ഞതിന്റെ പൊരുളും ഇതുതന്നെയാണ്. അയാൾ ഗ്രാമീണജീവിതത്തിലെ ഒരു ചെറി

## പതാക

(65-ാം പേജിൽനിന്നും തുടർച്ച)

"കുട്ടിവസ്സുണ്ടോ മാമാ. സോഷ്യലിസമൊക്കെ സ്ഥാപിക്കാൻ പോണത്."

"ജയപ്രകാശും നീയുംകൂടി....ഉം!"

ഒന്നരണ്ടു വച്ചിട്ട് അനന്തൻനായർ തിരിഞ്ഞു.

"അയ്യോ മാമനേ. ഡോക്ടർ മാമാ, ഈ പെണ്ണിന്റെ മട്ടുകണ്ടില്ലേ. തടിയും ഉണ്ടി...ഇവളെ നോക്കിക്കേ. ഇതുവിന് ഒന്നു കടിക്കാൻ പോലും ഇത്തിരി മാംസമില്ല ശരീരത്ത്."

വലിയ കണ്ണുകൾ മിന്നിച്ചുകൊണ്ട് അനന്തൻ നായരുടെ നേരെ തിരിഞ്ഞു "എന്താ പറയാൻ തോന്നുക, എന്താ ഇവൾക്ക് എന്നു ചോദിച്ചുകൊണ്ട് ഡോക്ടർ ഇന്ദുവിനെ പിടിച്ചടുപ്പിച്ചു. കണ്ണിന്റെ പോള പിടിച്ചു നോക്കി. നാക്ക് നീട്ടിച്ചു നോക്കി പിന്നെ കട്ടിലിൽ കിടത്തി നാഡിസ്പന്ദനം നോക്കി. വയററത്ത് ഞെക്കിനോക്കി. കാലിൽ കൊട്ടിനോക്കി. പിന്നെ എഴുന്നേല്പിച്ചു.

"ഇവൾക്ക് ഒരു കുഴപ്പവുമില്ല. നിങ്ങൾ ഉപദ്രവിക്കാതിരുന്നാൽ മതി. ഇഷ്ടമുള്ളതൊക്കെ തിന്നട്ടെ."

ഒന്നും ഇഷ്ടമല്ല. മുട്ടവേണ്ട, മീൻവേണ്ട, നെയ്യ് വേണ്ട—" മഹേശ്വരിയമ്മ പരാതിപ്പെട്ടു.

"പാലും വാഴപ്പഴവും മാത്രം മതി. നെസ്സിലെ ഇവൾക്ക് സുഖമാകട്ടെ." അനന്തൻ നായർ ഗൗരവപ്പെട്ടു.

"അതു ശരിയാണ്", ബുദ്ധിയുണ്ടാവും ക്" എന്നു പറഞ്ഞ് ഡോക്ടർ ഇന്ദുവിന്റെ തോളിൽ തട്ടി:

പുറത്തേക്കിറങ്ങിയപ്പോൾ ഇന്ദു

"ഇപ്പോൾ എന്തിനാണ് മാമൻ കരിപ്പിക്കും—കളിച്ചപോയി."

മനസ്സ് ഷാപ്പിൽ നിന്നും മനസ്സും മടുപ്പ് തിരികെ വീട്ടിൽ ചെന്നപ്പോഴും മാധവൻതമ്പി സന്തോഷവാനായിരുന്നു. (തുടരും)

Digitized by Kerala Sahitya Akademi